**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 214** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>അമീബിക് മസ്തിഷ്ക ജ്വരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. ടി. സിദ്ദീഖ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എം. വിൻസെന്റ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ഉൾപ്പെടെയുള്ള രോഗങ്ങൾ വർധിച്ചുവരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** 2023-ലെ നിപ്പരോഗബാധയെത്തുടർന്ന് മസ്തിഷ്കജ്വരങ്ങൾ എല്ലാം തന്നെ റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം നൽകിയതിനെത്തുടർന്ന് മസ്തിഷ്കജ്വരങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഓരോ കേസിന്റെയും കാരണം കണ്ടെത്തുന്ന നടപടികളും കർശനമായി നടക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് അമീബിക് മസ്തിഷ്കജ്വരം സംബന്ധിച്ച കേസുകൾ കൂടുതലായി കണ്ടെത്താൻ തുടങ്ങിയത്. രോഗം നേരത്തെ കണ്ടെത്താൻ സാധിക്കുന്നതുകൊണ്ട് കേരളത്തിൽ മരണനിരക്ക് ആഗോള ശരാശരിയേക്കാൾ വളരെ കുറവാണ്.

വിവിധ ജലസ്രോതസ്സുകളിൽ കാണപ്പെടുന്നതും അപൂർവ്വമായി മനുഷ്യരിൽ രോഗബാധ ഉണ്ടാക്കുന്നതുമായ ഒരു സൂക്ഷ്മാണുവാണ് അമീബ. കായലുകൾ, പുഴകൾ, നീരുറവകൾ, കുളങ്ങൾ, പൈപ്പ് വെള്ളം തുടങ്ങി വിവിധ ജലസ്രോതസ്സുകളിൽ ഇവ കാണപ്പെടുന്നു. മലിനമായ ജലത്തിലും, പ്രത്യേകിച്ച് കെട്ടി നിൽക്കുന്ന ജലസ്രോതസ്സുകളിലും ഇവ കാണാനുള്ള സാധ്യത കൂടുതലാണ്.

Naeglaria fowleri എന്ന സ്വതന്ത്രമായി ജീവിക്കുന്ന അമീബയാണ് പ്രൈമറി അമീബിക് മസ്തിഷ്ക ജ്വരത്തിനു (Primary Amoebic Meningoencephalitis) കാരണമായത്. 45$^{o}$C വരെ താപനില സഹിക്കാൻ കഴിയുന്ന Naeglaria Fowleri അമീബ മണ്ണിലും ശുദ്ധജല സ്രോതസ്സുകളിലും പ്രത്യേകിച്ച് ഒഴുക്ക് കുറഞ്ഞതും വെള്ളം കെട്ടിനിൽക്കുന്നതുമായ ജലസ്രോതസ്സുകളിൽ കാണപ്പെടുന്നു. ശുദ്ധജല തടാകങ്ങൾ, കായലുകൾ, നദികൾ, ചൂടുള്ള നീരുറവകൾ, ശുദ്ധീകരിക്കാത്ത നീന്തൽകുളങ്ങൾ, ശുദ്ധീകരിക്കാത്ത ജലസംഭരണികൾ, മലിനമായ മറ്റു ജലസ്രോതസ്സുകൾ എന്നിവയിൽ ഇവ കാണപ്പെടുന്നു. ജലസ്രോതസ്സുകളുടെ താപനില ഉയരുമ്പോൾ ഇവയുടെ സാന്നിദ്ധ്യത്തിനുള്ള സാധ്യത കൂടുതലാണ്. അമീബയുടെ സാന്നിദ്ധ്യമുള്ള ജലസ്രോതസ്സുകളിൽ കുളി, നീന്തൽ, ഡൈവിംഗ്, വാട്ടർ സ്കീയിംഗ്, സർഫിംഗ് തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെടുമ്പോഴും, ഇത്തരം ജലം ഉപയോഗിച്ച് മുഖം കഴുകുമ്പോഴും, മൂക്ക് കഴുകുമ്പോഴും മൂക്കിനുള്ളിലെ സ്ലേഷ്മപാളിയിലൂടെയും ക്രിബ്രിഫോം പ്ലേറ്റിലെ ചെറുസുഷിരങ്ങളിലൂടെയും ഇവ തലച്ചോറിലേക്ക് പ്രവേശിച്ച് മസ്തിഷ്കജ്വരത്തിന് കാരണമാകുന്നു.

ഗ്രാനുലോമാറ്റസ് അമീബിക് എൻസെഫലൈറ്റിസ് (Granulomatous Ameobic Encephalitis) എന്ന രോഗാവസ്ഥ Acanthamoeba spp., Balamuthia mandrillaris, Sappinia diploidea, Vermamoeba vermiformis എന്നീ വിഭാഗത്തിലുള്ള സൂക്ഷ്മാണുക്കൾ കാരണമാണ് ഉണ്ടാകുന്നത്. ശ്വാസകോശം, ത്വക്ക് എന്നിവയിലൂടെ പ്രവേശിച്ച് തലച്ചോറിൽ എത്തുകയും രോഗലക്ഷണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അപൂർവ്വമായി കണ്ണുകളിൽ അണുബാധയുണ്ടായി നാഡികളിലൂടെ തലച്ചോറിൽ എത്തുകയും രോഗലക്ഷണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

പ്രതിരോധശേഷി കുറഞ്ഞ വ്യക്തികളിൽ ഗ്രാനുലോമാറ്റസ് അമീബിക് എൻസെഫലൈറ്റിസ് ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

ചുവടെ പറയുന്ന ഘടകങ്ങൾ രോഗസാധ്യത കൂട്ടുന്നതായി വിദഗ്ധ പഠനങ്ങൾ സൂചിപ്പിക്കുന്നു.

- സ്വാഭാവിക ജലസ്രോതസ്സുകളായ കുളങ്ങൾ, കായലുകൾ, ചെറു അരുവികൾ, ഒഴുക്ക് കുറഞ്ഞ തോടുകൾ എന്നിവയുമായുള്ള സമ്പർക്കം, പ്രത്യേകിച്ച് മുങ്ങി കുളിക്കുകയോ, മൂക്കിനുള്ളിൽ വെള്ളം കയറുകയോ ചെയ്താൽ.
- ദൈനംദിന ആവശ്യങ്ങൾക്ക് മലിനമായ ജലസ്രോതസ്സുകളിൽ നിന്നുള്ള വെള്ളം ഉപയോഗിക്കുന്നത്.
- ശരീരത്തിൽ മുറിവുകൾ ഉണ്ടാവുകയും അവ സ്വാഭാവിക ജലസ്രോതസ്സുകളുമായോ മലിനജലവുമായോ സമ്പർക്കം വരുന്ന സാഹചര്യം.
- അപകടങ്ങൾ കാരണമോ ശസ്ത്രക്രിയയുടെ ഭാഗമായോ മുഖത്തെ അസ്ഥികൾക്കും മൃദുവായ കോശങ്ങൾക്കും ഉണ്ടാകുന്ന പരിക്കുകൾ, മൂക്കിന്റെ ശസ്ത്രക്രിയ നടത്തിയിട്ടുള്ളവർ.
- ആചാരത്തിന്റെ ഭാഗമായോ, ശീലത്തിന്റെ ഭാഗമായോ ശുദ്ധമല്ലാത്ത ജലം ഉപയോഗിച്ച് മൂക്കിനുള്ളിൽ ശുദ്ധീകരണ പ്രക്രിയ നടത്തുന്നത്.

രോഗം ബാധിച്ചവർ ഉപയോഗിച്ചിരുന്ന ജലസ്രോതസ്സുകളുടെ സാമ്പിളുകൾ പരിശോധിച്ചതിൽ വിവിധ തരം അമീബയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. Acanthamoeba spp, Balamuthia, Paravahikampfia francinae, Vermamoeba vermiformis, Naeglaria fowleri എന്നിവ ഇതിൽ ഉൾപ്പെടുന്നു. കാലാവസ്ഥാ വ്യതിയാനം, ജലസ്രോതസ്സുകളുടെ മലിനീകരണം എന്നിവ കാരണം സ്വാഭാവിക ജലസ്രോതസ്സുകളിൽ വിവിധ ഇനം അമീബയുടെ സാന്നിദ്ധ്യം വർദ്ധിക്കാൻ സാധ്യതയുണ്ട്. ഈ മേഖലകളിൽ കൂടുതൽ ശാസ്ത്രീയ പഠനങ്ങൾ ആവശ്യമാണ്.

നിപ പോലുള്ള സാംക്രമിക രോഗങ്ങൾ കേരളത്തിൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ രോഗ നിരീക്ഷണം ശക്തമായി തുടരുന്നതിനാൽ എല്ലാ മസ്തിഷ്കജ്വരവും വിശദമായ പരിശോധനകൾക്കും അവലോകനത്തിനും വിധേയമാക്കുന്നുണ്ട്. ഇതോടൊപ്പം PCR പോലുള്ള ആധുനിക പരിശോധനാ സംവിധാനങ്ങളുടെ ഫലപ്രദമായ ഉപയോഗവും കൂടുതൽ അമീബിക് മസ്തിഷ്കജ്വരം കേസുകൾ കണ്ടുപിടിക്കുന്നതിന് സഹായിക്കുന്നു.

**(ബി)** അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചുള്ള മരണങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മറുപടി:** അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചുള്ള മരണങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ **അനുബന്ധമായി** ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**